പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1508 | 15.06.2012 ൽ മറുപടിയ്ക്ക്

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി**

ചോദ്യം

**ശ്രീ. റ്റി. വി. രാജേഷ്**

ഉത്തരം

**ഡോ. എം.കെ. മുനീർ**

**പഞ്ചായത്തും സാമൂഹ്യക്ഷേമവും**

**വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| എ) | 'കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി ' യുടെ വിശദാംശം നൽകുമോ ; | എ) | സംസ്ഥാനത്തെ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ രണ്ട് ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനം ഉള്ള കുടുംബ ങ്ങളിലെ ബധിരരും മൂകരുമായ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷിക്കാവു ന്നതാണ്. ലഭിക്കുന്ന അപേക്ഷകൾ പദ്ധതി മാനദണ്ഡങ്ങളുടെ അടിസ്ഥാന ത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ടെക്നിക്കൽ കമ്മറ്റികൾക്ക് പരിശോ ധിച്ച് ശുപാർശ ചെയ്യുന്നതിന് അയച്ചു കൊടുക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേ ഷൻ സർജറിയിലൂടെ പൂർണ്ണമായും വൈകല്യം മാറ്റിയെടുക്കാൻ സാധിക്കു മെന്നും പദ്ധതി മാനദണ്ഡ പ്രകാരം ആനുകൂല്യത്തിനർഹമാണെന്നും റീജി യണൽ ടെക്നിക്കൽ കമ്മറ്റി കണ്ടെത്തി ശുപാർശ ചെയ്യുന്ന അപേക്ഷകൾ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയും പ്രസ്തുത കമ്മറ്റി തെരഞ്ഞെടുക്കുന്ന മുറയ്ക്ക് പദ്ധതി യുടെ ആനുകൂല്യം ലഭ്യമാക്കുകയും ചെയ്യും. മൂന്ന് വയസ്സുവരെയുള്ള കുട്ടികൾക്കാണ് കോക്ലിയാർ ഇംപ്ലാ ന്റേഷൻ സർജറിയിലൂടെ ഏറ്റവും നല്ല ഫലം ലഭിക്കുവാൻ സാധ്യതയുള്ളത്. |

| | | | |
|---|---|---|---|
| ബി | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ഇതുവരെയായി എത്ര കുട്ടികൾക്ക് സൗജന്യമായി ഓപ്പറേഷൻ നടത്തിയിട്ടുണ്ട് ; ആയതിന്റെ കണക്ക് ലഭ്യമാക്കുമോ ; | ബി | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ഇതുവരെ ഒരു കുട്ടിക്ക് മാത്രമേ സൗജന്യമായി ഓപ്പറേഷൻ നടത്തിയിട്ടുള്ളു |
| സി | കണ്ണൂർ ജില്ലയിൽ നിന്നും ഈ പദ്ധതി പ്രകാരം എത്ര കുട്ടികളെ ഓപ്പറേഷൻ നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ ; | സി | കണ്ണൂർ ജില്ലയിൽ നിന്നും ഈ പദ്ധതി പ്രകാരം 9 കുട്ടികളെ ഓപ്പറേഷൻ നടത്തുന്നതിനായി കോഴിക്കോട് റീജിയണൽ ടെക്നിക്കൽ കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ നിന്നും അപേക്ഷ സമർപ്പിച്ചിട്ടുള്ള മാസ്റ്റർ ദേവേജ്. കെ. ശ്രീ നന്ദ ശിവരാജൻ, അർഷിത. ആർ. ആനന്ദ്. എം.പി, ലിയാന എ.പി. മുഹമ്മദ് സഹൽ. റിയ ഫാത്തിമ, ഷൈൻ .സി, നവനീത് കൃഷ്ണ എന്നീ കുട്ടികളെയാണ് റീജിയണൽ ടെക്നിക്കൽ കമ്മിറ്റി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്കുവേണ്ടി ശുപാർശ ചെയ്തിട്ടുള്ളത്. |
| ഡി | മൂന്ന് വയസ്സിൽ കൂടുതൽ പ്രായമുള്ള കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ചുള്ള തീരുമാനമെന്തെന്ന് വിശദമാക്കുമോ ? | ഡി | മൂന്നു വയസ്സിൽ കൂടുതൽ 5 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ ചികിൽസയിന്മേലുള്ള വിജയ സാധ്യത സംബന്ധിച്ച്, സ്ക്രീനിംഗ് കമ്മറ്റിയുടെ വിദഗ്ദാഭിപ്രായമനുസരിച്ചാണ് ഓപ്പറേഷനു വേണ്ടി പരിഗണിക്കുന്നത് |

R. Vijayakumar

സെക്ഷൻ ഓഫീസർ